ആർക്കിടെക്ച്ചറൽ/ഡിസൈൻ ഏജൻസിയെ കണ്ടെത്തുന്നതിന് 2012 അവസാന പാദത്തിൽ തന്നെ താൽപ്പര്യപത്രം ക്ഷണിച്ചെങ്കിലും താൽപ്പര്യപ്പത്ര പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങളുള്ള ഏജൻസിയെ കണ്ടെത്താനായില്ല. തുടർന്ന് മൂന്ന് താൽപ്പര്യപ്പത്രം ക്ഷണിച്ച ശേഷമാണ് യോഗ്യരായ ആർക്കിടെക്ച്ചറൽ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചത്. തുടർന്ന് 2013 ഒക്ടോബറിൽ മെ. സ്പേസ് ആർട്ട് എന്ന ഏജൻസിയെ ആർക്കിടെക്ച്ചറൽ കൺസൽട്ടന്റായി നിയമിക്കുകയുണ്ടായി. പ്രസ്തുത ഏജൻസി തയ്യാറാക്കി നൽകിയ ഡിസൈൻ, ഡ്രോയിംഗ് എസ്റ്റിമേറ്റ് എന്നിവയിന്മേൽ നിയമപ്രകാരമുള്ള ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം 2014 അവസാന പാദത്തിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2015 ഏപ്രിലിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15 മാസമാണ് കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലാവധി.

(ബി) ഉണ്ട്. ജെണ്ടർ പാർക്കിനായി നാളിതുവരെ അനുവദിച്ചിട്ടുള്ളതും പിൻവലിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	അനുവദിച്ചു നൽകിയ തുക (ലക്ഷത്തിൽ)	പിൻവലിച്ച തുക (ലക്ഷത്തിൽ)
2012-13	600	600
2014-15	660	660

(സി) സംസ്ഥാനത്തെ ആദ്യത്തെ ജെണ്ടർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിലാണ് ആദ്യത്തെ ജെണ്ടർ പാർക്ക് നിലവിൽ വരുന്നത്.

(ഡി) സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും ലിംഗസമത്വം നടപ്പാക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുമാണ് ജെണ്ടർ പാർക്ക് നടപ്പിലാക്കുന്നത്.

മലപ്പുറം ജില്ലയിലെ താലോലം പദ്ധതി

269 (3476) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയെ കുറിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലപ്പുറം ജില്ലയിലെ ഏതെങ്കിലും ആശുപത്രികളിൽ താലോലം പദ്ധതി പ്രകാരം ചികിത്സ സൗജന്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശിശു മരണ നിരക്ക് കൂടുതലുള്ള മലപ്പുറം ജില്ലയിലെ പ്രധാന സർക്കാർ ആശുപത്രികളിൽ താലോലം പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെ പ്രായമുള്ള മാരകരോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ 18 ആശുപത്രികളിലൂടെ പൂർണ്ണമായ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാച്ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് പദ്ധതിയിലൂടെ സഹായം ലഭ്യമാണ്.

(ബി&സി) മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയെ താലോലം പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

വയോമിത്രം പദ്ധതി

270 (3477) ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly